(c) is it a fact that many copyists now confirmed have reached pensionable age after a fairly long service as copyists in the same Department?

Minister for Finance and Revenue **(Sri. A. J. John):**

(a) Yes.
(b) No.
(c) Yes.

ടൌൺ അലവൻസ്

*ക വ്യ വ്യ. (൯ ന) ശ്രീ. പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഏതെല്ലാം പട്ടണങ്ങളിലാണ് ടൌൺ അലവൻസ് സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് ഇപ്പോഴും നൽകിവരുന്നത്;

(ബി) ടൌൺ അലവൻസുകൾ അനുവദിച്ചിട്ടുള്ള പട്ടണങ്ങളിൽ പണി എടുക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥന്മാർക്ക് ടൗൺ അലവൻസ് നൽകാതിരിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ കാരണമെന്താണ്;

(ഡി) ടൗൺ അലവൻസ് ലഭിച്ചുകൊണ്ടിരുന്ന ഒരു പട്ടണത്തിൽനിന്നും സ്ഥലമാറ്റപ്പെട്ടതിനു ശേഷം വീണ്ടും ആ പട്ടണത്തിലേക്ക് സ്ഥലം മാറിവന്നിട്ടുള്ള ചില ഉദ്യോഗസ്ഥന്മാർക്ക് ടൗൺ അലവൻസ് നൽകാതിരിക്കുവാൻ കാരണമെന്ത്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) താഴെ പേരുപറയുന്ന പട്ടണങ്ങളിൽ ടൗൺ അലവൻസ് നല്കി വരുന്നുണ്ട്.

ക. എറണാകുളം.
ഖ. മട്ടാഞ്ചേരി.
ഗ. തൃശ്ശൂർ.
ഘ. തിരുവനന്തപുരം.

(ബി) ഉണ്ട്.

(സി) ഇപ്പോൾ നിലവിലിരിക്കുന്ന ഉത്തരവിൻപ്രകാരം ക—ൗ—ർ൯—ൽ നഗരബത്ത വാങ്ങിയിരുന്നവരും പ്രസ്തുത തീയതി കഴിഞ്ഞ് ഒരിക്കലും ഗ്രാമപ്രദേശത്തേക്ക് മാറിയിട്ടില്ലാത്തവരും ആയ മുൻ കൊച്ചി ഉദ്യോഗസ്ഥന്മാർക്കു മാത്രമെ ഇപ്പോൾ ടൗൺ അലവൻസു നൽകി വരുന്നുള്ളൂ. മേൽ പറഞ്ഞ വകയിൽ പെടാത്തവരും എന്നാൽ ഇപ്പോൾ ടൗണിൽ ജോലി ചെയ്യുന്നവരും ആയ ഉദ്യോഗസ്ഥന്മാർക്ക് പ്രസ്തുത അലവൻസ് നൽകുന്നില്ല.

(ഡി) ഇപ്പോൾ നിലവിലിരിക്കുന്ന ഉത്തരവിൻപ്രകാരം ഒരിക്കൽ ഗ്രാമപ്രദേശത്തേക്കു സ്ഥലം മാറിയിട്ടു തിരിയെ പിന്നെയും ആ പട്ടണത്തിലേക്കു മാറിയാൽ രണ്ടാമതു പട്ടണത്തിലേക്കു മാറുമ്പോൾ ആ ഉദ്യോഗസ്ഥനെ ക—ൗ—ർ൯—ൽ ടൗൺ അലവൻസ് വാങ്ങാതിരുന്ന ഉദ്യോഗസ്ഥനായിട്ട് മാത്രമെ പരിഗണിക്കുവാൻ നിവൃത്തിയുള്ളൂ. അതുകൊണ്ട് ആ ഉദ്യോഗസ്ഥന് രണ്ടാംപ്രാവശ്യം പട്ടണത്തിലേക്കു മാറിയ തീയതി മുതൽ അലവൻസിനു അർഹതയില്ല.

Unstarred Questions posted for Answer on 2—2—1951.

സാനിട്ടറി അസിസ്റ്റന്റ്

ക ര. (ര) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly